"ഭരണഭാഷ — മാതൃഭാഷ"

നമ്പർ. സി2/12614/റ്റി.സി./2015

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയ്യതി,

പ്രേഷിതൻ,
ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്***— റോഡ് സുരക്ഷ പ്രതിജ്ഞ 2016 — സംബന്ധിച്ച്

ഓണക്കാലം ആഘോഷത്തിന്റേയും ആഹ്ലാദത്തിന്റേയും കാലമാണ്. പക്ഷേ ഈ കാലയളവിൽ നമ്മുടെ നിരത്തുകളിൽ അപകടങ്ങളും വർദ്ധിക്കാറുണ്ട്. അതുകൊണ്ട് ഈ ഓണം സുരക്ഷിത ഓണമായിരിക്കുവാനുള്ള സന്ദേശം എല്ലാവരിലുമെത്തിക്കുവാൻ ഗതാഗതവകുപ്പ് ആഗ്രഹിക്കുന്നു. ഓണക്കാലത്ത് ഉണ്ടാകുന്ന റോഡപകടങ്ങളിൽ ഭൂരിഭാഗവും ഇരുചക്രവാഹനങ്ങളുടേതാണ് എന്ന് കഴിഞ്ഞകാല കണക്കുകൾ വ്യക്തമാക്കുന്നു. 2016സെപ്റ്റംബർ 19 **"സുരക്ഷാദിനം"** ആയി ആചരിക്കാനും അന്നേ ദിവസം എല്ലാവരിലും റോഡ് സുരക്ഷാ സന്ദേശം എത്തിക്കുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത്. ശരിയായി ഹെൽമെറ്റ് ധരിക്കുന്നതിന്റെയും മറ്റ് സുരക്ഷാ കരുതലുകളുടെയും സന്ദേശം എല്ലാവരിലും എത്തിക്കുന്നതിനുമാണ് ഗതാഗതവകുപ്പ് തീരുമാനിച്ചിട്ടുള്ളത്. ഇതിനായി സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും അസംബ്ലി വിളിച്ചുചേർത്ത് താഴെപ്പറയും പ്രകാരം **"റോഡ് സുരക്ഷാ പ്രതിജ്ഞ"** എടുക്കുവാനുള്ള നിർദ്ദേശം നൽകുവാൻ താൽപര്യപ്പെടുന്നു. ഇക്കാര്യത്തിൽ സ്കൂൾ

മേധാവികൾക്കും,പഞ്ചായത്ത് അധികാരികൾക്കും വേണ്ട നിർദ്ദേശം അതാത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ നൽകേണ്ടതാണ്. കഴിവതും സ്കൂളുകളിൽ നേരിട്ട് മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഉണ്ടായിരിക്കേണ്ടതാണ്.

<u>പ്രതിജ്ഞ</u>

**" എന്റെ കുടുംബാംഗങ്ങളുടെയും റോഡ് ഉപയോഗിക്കുന്ന മറ്റെല്ലാവരുടേയും ജീവനും സുരക്ഷയും മറ്റെന്തിനെക്കാളും എനിക്ക് വിലപ്പെട്ടതാണ്. എന്റെ കുടുംബത്തിലെ ഓരോ വ്യക്തിയും വാഹനമുപയോഗിക്കുമ്പോൾ ശരിയായ വിധത്തിൽ ഹെൽമെറ്റ്, സീറ്റ് ബെൽറ്റ് എന്നിവ ഉൾപ്പെടെയുള്ള എല്ലാ സുരക്ഷാസംവിധാനങ്ങളും ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഞാൻ ആത്മാർത്ഥമായി പരിശ്രമിക്കുമെന്ന് ഇതിനാൽ ദൃഢപ്രതിജ്ഞ ചെയ്യുന്നു."**

വിശ്വസ്തതയോടെ,

(ഒപ്പ്)

ട്രാൻസ്പോർട്ട് കമ്മീഷണർ